**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6403** **20-03-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ സമാശ്വാസ തൊഴിൽ ദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നേടാൻ അർഹത ഉണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (എ) | താൽക്കാലികമായി നിയമനം ലഭിച്ച ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലുള്ള ഒരു ആനുകൂല്യമെന്ന നിലയ്ക്കാണ് സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ടി സൂപ്പർ ന്യൂമററി തസ്തികകൾ ജീവനക്കാർ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലിയ്ക്ക് അർഹതയില്ലാത്തതാണ്. |
| (ബി) | കൊല്ലം ജില്ലയിൽ താൽക്കാലിക വാച്ചറായി ജോലി ചെയ്തിരുന്ന ജീവനക്കാരന്റെ ആശ്രിതയ്ക്ക് ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത ജോലി നൽകിയത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ പ്ലാന്റേഷനുകളിൽ ദിവസവേതന വാച്ചറായി ജോലി നോക്കിയിരുന്ന വിവേകാനന്ദൻ 30.10.2016 ൽ മരണപ്പെടുകയുണ്ടായി. പരേതന്റെ മകൾ കുമാരി. ആതിര.എൻ.വി.യ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് 01.07.2022 ലെ സ.ഉ.(കൈ) നം. 36/2022/വനം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതരുടെയെല്ലാം അപേക്ഷകൾ പരിശോധിച്ച് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വനം വകുപ്പിൽ താൽക്കാലികമായി ജോലിചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ